LIBRARY ARCHIVES Kerala Legislative Assembly

നിറവ് പദ്ധതി-കൽപ്പറ്റ

132 (2966) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കൃഷി വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ നിറവ് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ വർഷങ്ങളിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിന് വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 2012-13 വർഷത്തിൽ നിറവ് പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്ത നിയോജകമണ്ഡലങ്ങളിൽ ഒന്നാണ് കല്പറ്റ. 2012-13-ൽ ടി നിയോജകമണ്ഡല ത്തിൽ ആർ.കെ.വി.വൈ. പദ്ധതിയിൽ അംഗീകരിച്ച് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി:

1	നെൽ കൃഷി വികസനം	595 ഹെക്ടർ	17.70 ലക്ഷം രൂപ
2	ബയോഗ്യാസ് വികസനം	40 എണ്ണം	17.70 ലക്ഷം രൂപ
	ആകെ		**35.40 ലക്ഷം രൂപ**

ഇതുകൂടാതെ കൃഷിവകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതികൾ പ്രദേശത്ത് അനുയോജ്യമാംവിധം നടപ്പിലാക്കിയിട്ടുണ്ട്. തനുലം ടി മണ്ഡലത്തിൽ കുരുമുളക്, ഇഞ്ചി, വാഴ, പച്ചക്കറി എന്നീ വിളകളുടെ ഉത്പാദനം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

(ബി) നിറവ് പദ്ധതിക്കായി ബഡ്ജറ്റിൽ പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

(സി) കല്പറ്റ നിയോജകമണ്ഡലത്തിലെ എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

സമഗ്ര പച്ചക്കറി വികസന പദ്ധതി

133 (2967) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;